॥ ओ३म् ॥

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക – ദാർശനിക മാസിക

## DAYANANDA SANDESAM

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9. 63. 5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!


പുസ്തകം : 9 ലക്കം : 3

സൃഷ്ടി സംവത്സരം 1972949122 കലിവർഷം 5122 വൈദിക സൗരമാസം : ഇഷ– ഊർജ
ചാന്ദ്രമാസം : ഭാദ്രപദം – ആശ്വിനം, കൊല്ലവർഷം 1196 കന്നി – തുലാം 2020 സെപ്തംബർ

വാർഷിക വരിസംഖ്യ : ₹ 100/– ദീർഘകാലം : ₹ 1500/–






## വീര ഭഗത്സിംഗ് (1907 – 1931)

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ

സെപ്തംബർ 2 : ശ്രീനാരായണഗുരു ജയന്തി
സെപ്തംബർ 10 : അഷ്ടമി രോഹിണി
സെപ്തംബർ 28 : വീര ഭഗത്സിംഗ് ജന്മദിനം

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാധ്യയനം



**മണ്ഡലം 1** **സൂക്തം 10**

**മധുച്ഛന്ദാ ഋഷിഃ|ഇന്ദ്രോ ദേവതാ|ഭുരിഗുഷ്ണിക് ഛന്ദഃ|**
**ഗാന്ധാരഃ സ്വരഃ||**

**ആശ്രുൽകർണ ശ്രുധീ ഹവം നൂ ചിദ്ദധ്യഷ്യ മേ ഗിരഃ|**
**ഇന്ദ്ര സ്തോമമിമം മമ കൃഷ്വാ യുജശ്ചിദന്തരം ||**

(ഋഗ്വേദം 1.10.9)

**പദാർഥം :-** (ആശ്രുൽകർണ) അല്ലയോ നിരന്തരം ശ്രവണശക്തിരൂപമുള്ള കർണങ്ങൾ ഉള്ളവനെ! (ഇന്ദ്ര) സർവാന്തര്യാമിയായ പരമേശ്വര! (ചിത്) എപ്രകാരം പ്രീതിയെ വർദ്ധിപ്പിക്കുന്ന മിത്രം തന്റെ (യുജഃ) സത്യവിദ്യയും ഉത്തമോത്തമ കർമ്മങ്ങളിൽ യുക്തമാവുന്ന മിത്രത്തിന്റെ (ഗിരഃ) വാണികളെ പ്രീതിയോടുകൂടി കേൾക്കുന്നത്, അപ്രകാരം തന്നെ അങ്ങ് (നു) വേഗത്തിൽ (മേ) എന്റെ (ഗിരഃ) സ്തുതിയും (ഹവം) ഗ്രഹിക്കാൻ യോഗ്യമായ സത്യവചനങ്ങളെ (ശ്രുധി) കേട്ടാലും. അതുപോലെ (മമ) അതായത് എന്റെ (സ്തോമം) സ്തുതികളുടെ സമൂഹത്തെ (അന്തരം) തന്റെ ജ്ഞാനത്തിനിടയിൽ (ദധിഷ്വ) ധാരണം ചെയ്ത് (യുജഃ) അതായത് നേരത്തെ പറഞ്ഞ കാര്യങ്ങളിൽ യഥായോഗ്യയുക്തനാക്കി ഞങ്ങളുടെ (അന്തരം) ആന്തരിക ശുദ്ധിയെ (കൃഷ്വ) ഉണ്ടാക്കിയാലും

**ഭാവാർത്ഥം :** ഈ മന്ത്രത്തിൽ ഉപമാലങ്കാരമാണുള്ളത്. സർവ്വജ്ഞനായ ഈശ്വരൻ ജീവാത്മാക്കളാൽ പറയപ്പെട്ട വാണികളുടെ വ്യവഹാരത്തെ യഥാവിധി ശുദ്ധിചെയ്യുന്നു. അതുപോലെ എല്ലാവരുടേയും മിത്രനായ ഈശ്വരനുണ്ടല്ലോ, അദ്ദേഹം തന്നെയാണ് അറിയാനും പ്രാർത്ഥിക്കാനും മനുഷ്യർക്ക് യോഗ്യനായിട്ടുള്ളത്. (തുടരും)

**(മഹർഷി ദയനാന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന് തർജ്ജമ : കെ.എം.രാജൻ)**

അഭീമം മഹിമാ ദിവം വിപപ്രോ ബഭൂവ സപ്രഥാഃ (യജുർവേദം 38.17)
ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

പുസ്തകം : 9 ലക്കം 3

സൃഷ്ടി സംവത്സരം 1972949122 കലിവർഷം 5122 വൈദിക സൗരമാസം : ഇഷ- ഊർജ
ചാന്ദ്രമാസം : ഭാദ്രപദം- ആശ്വിനം കൊല്ലവർഷം : 1196 കന്നി-തുലാം 2020 സെപ്തംബർ



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ** : കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
വി. ഗോവിന്ദദാസ്
**പത്രാധിപ സമിതി** : കെ.കെ. ജയൻ, അജിതഗണേഷ്, പാർവ്വതി കൃഷ്ണൻ
**വ്യവസ്ഥാപകൻ**: പി ശ്രീജേഷ്


**താളുകൾ മറിക്കുമ്പോൾ**


| | |
|---|---|
| വേദാദ്ധ്യയനം | 2 |
| മുഖവാണി | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | 5 |
| മനുസ്മൃതി | 6 |
| പുരാണങ്ങൾ : സത്യവും, മിഥ്യയും | 7 |
| ദ്രൗപദിയും പഞ്ചപതികളും | 8 |
| ജീവിതം ഒരലയാഴി | 9 |
| യോഗദർശനം | 10 |
| അഷ്ടാധ്യായി പ്രവേശിക | 11 |
| ഗോകരുണാനിധി | 12 |
| മാപ്പിള | 13 |
| ഹിന്ദുസംഘടന എന്തുകൊണ്ട്? | 14 |
| ഋഗ്വേവേദത്തിന്റെ ഋക്സംഖ്യ | 15 |
| ബൈബിൾ സ്വയംമാറ്റുരക്കുമ്പോൾ | 16 |
| Dayananda The Great | 17 |
| വേദപുഷ്പങ്ങൾ | 18 |



**വിലാസം**
ദായനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് - 679 504
Ph : 7907077891, 9446017440
Email :dayanandasandesam@gmail.com
Vist Us : www.aryasmajkerala.org.in
www.vedagurukulam.org


# മുഖവാണി

## ആരാണ് ഈശ്വരൻ?

(തുടർച്ച)



നാഗ്ഹമദി കയ്യെഴുത്ത് പ്രതികൾ (Nag Hamadi Manuscripts)പുറത്തുവന്നതോടെ കഴിഞ്ഞ നൂറ് വർഷങ്ങൾക്കുള്ളിലാണ് യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പുമായി വേറെയും കാഴ്ചപ്പാടുകളുണ്ട് എന്ന് വീണ്ടും ചർച്ചയായത്. ഈജിപ്തിലെ ഒരു നഗരമായ നാഗ് ഹമദി (Nag Hamadi) യിൽ നിന്ന് കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ലഭിച്ച രേഖകളാണ് ഈ വിഷയം സജീവമാക്കിയത്. യുക്തിക്കും സാമാന്യ വിജ്ഞാനത്തിനും വിരുദ്ധമായവ തെറ്റായ നിഗമനങ്ങളിലേക്ക് നയിക്കു മെന്നതിനാൽ അവസാന വിശകലനത്തിൽ അവ തള്ളിക്കളയേണ്ടതാണ്. മനുഷ്യരാശിയുടെ പാപങ്ങൾ ഏറ്റെടുത്താണ് യേശു മരിച്ചത് എന്നാണ് ക്രിസ്ത്യാനികൾ അവകാശപ്പെടുന്നത്.

**അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)**

**ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.**

ഇത് എങ്ങനെയാണ് സാമന്യയുക്തിക്ക് നിരക്കുക? ജനിച്ചവരെല്ലാം ഒരുനാൾ മരിക്കുമെന്നത് ഉറപ്പാണ്. ചിലപ്പോളത് സാധരണ മരണമാവാം. അല്ലെങ്കിൽ മറ്റാരുടെയൊ കൈകളാൽ മരിക്കപ്പെടാം. ഒരാൾ സ്വയം ചെയ്ത് പാപകർമ്മങ്ങൾ നോക്കിയാണ് ന്യായം വിധിക്കുക. മറ്റുള്ളവരുടെ കർമ്മം നോക്കിയാവില്ല. ദൈവം തന്റെ കൽപനയിലും പറയുന്നു. "നിങ്ങൾ വിതക്കുന്നത് നിങ്ങൾക്കു കൊയ്യാം. മറ്റുള്ളവരുടേത് സാധ്യമല്ല". ഒരാൾ ചെയ്യുന്ന പ്രവൃത്തികൾ പരോക്ഷമായി അയാളുടെ കുടുംബാംഗങ്ങളെ ഗുണമായോ ദോഷമായോ ബാധിച്ചേക്കാം. ഒരു ഭരണാധികാരിയുടെ തീരുമാനങ്ങളിലെ ഗുണദോഷങ്ങൾ ആ നാട്ടുകാരേയും ബാധിച്ചേക്കാം. ചരിത്രം പരിശോധിച്ചാൽ സമൂഹനന്മക്കായി വളരെ മപാപുരുഷന്മാർ നിസ്വാർത്ഥമായി പ്രവർത്തിച്ചിട്ടുണ്ട് എന്ന് കാണാം. അവരാരും മറ്റുള്ളവരുടെ പാപങ്ങൾക്കായല്ല മരിച്ചത്. മറിച്ച് മറ്റുള്ളവരെ സമുദ്ധരിക്കാനായിരുന്നു. സാധാരണക്കാരായ ജൂതന്മാരെ ആത്മീയമായി ഉയർത്തി ദൈവവുമായി അടുപ്പിക്കാൻ ശ്രമിച്ചതുമൂലം ജൂതക്ഷേത്രത്തിന്റെയും റോമൻ ഭരണാധി കാരികളുടെയും എതിർപ്പിനെ യേശു ക്ഷണിച്ചുവരുത്തി. ലോകത്തിലെ വേറെയും പല മഹാപുരുഷന്മാരും ഇതേ പാത പിൻതുടർന്ന് തങ്ങളുടെ പ്രവർത്തനം എതിർപ്പുകളെ വിളിച്ചു വരുത്തുമെന്നും വധിക്കപ്പെടാൻപോലും സാധ്യതയുണ്ടെന്നും അറിഞ്ഞുതന്നെയാണ് പ്രവർത്തിച്ചത്. ദൈവം തന്റെ രക്ഷിതാവും സുഹൃത്തും പിതാവുമാണെന്ന് ഉറച്ചു വിശ്വസിക്കുന്നവർക്ക് ഒരിക്കലും ഭയമുണ്ടാകില്ല. താൻ ശരീരമല്ലെന്നും ആത്മാവിനെ ആർക്കും നശിപ്പിക്കാനാവില്ലെന്നും അറിയുന്നവർ ഭയക്കേണ്ട ആവശ്യമില്ലല്ലോ. സർവ്വശക്തനായ ദൈവത്തിന് ആരുടെയും സഹായമില്ലാതെ തന്നെ എല്ലാ പ്രവൃത്തികളും ചെയ്യാമെന്നിരിക്കെ മനുഷ്യവംശത്തിന്റെ പാപങ്ങൾ ഏറ്റുവാങ്ങാനായി മജ്ജയും മാംസവുമുള്ള മനുഷ്യനായി (യേശുവായി) **അദ്ദേഹത്തിന് ജനിക്കേണ്ട ആവശ്യമുണ്ടോ? ദൈവം എന്തുകൊണ്ടാണ് മനുഷ്യ രാശിയുടെ പാപങ്ങൾ നേരിട്ട് പൊറുക്കാത്തത്? അദ്ദേഹം മനുഷ്യനായി ജന്മമെടുത്ത് യാതനകൾ അനുഭവിക്കുന്നത് എന്തിനാണ്?**

(തുടരും)

**- പത്രാധിപർ**

**ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)**
**മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.**



(മുൻലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ : കെ. എം. രാജൻ

## 4. വേദവിഷയവിചാരഃ

**അ**തേപോലെ പരബ്രഹ്മപദവും സ്വയം പ്രകാശവും സർവത്ര വ്യാപ്തിയുള്ളതുമായിക്കൊണ്ടിരിക്കുന്നു. ആ പദപ്രാപ്തിയെക്കാളും ഉത്തമമായി മറ്റൊന്നില്ല. അതിനാൽ ചതുർവേദങ്ങൾ ഇതിന്റെ പ്രാപ്തിക്കായികൊണ്ടാണ് വിശേഷരൂപത്തിൽ പ്രതിപാദിക്കുന്നത്.

ഈ വിഷയത്തിൽ വേദാന്തശാസ്ത്രത്തിൽ വ്യാസമുനിയുടെ സൂത്രത്തിന്റെയും പ്രമാണമുണ്ട് (തത്തു സമന്വയാത്). എല്ലാ വേദവാക്യങ്ങളിലും ബ്രഹ്മത്തിന്റെ വിശേഷപ്രതിപാദനമാണുള്ളത്. ചിലയിടങ്ങളിൽ സാക്ഷാത് രൂപത്തിലും മറ്റു ചിലയിടങ്ങളിൽ പരമ്പരയാലും (ഇക്കാര്യം ഗ്രന്ഥകാരൻ പ്രശ്നോത്തര വിഷയത്തിൽ പ്രത്യേകമായി പ്രതിപാദിച്ചിട്ടുണ്ട്.) ഇക്കാരണത്താൽ ആ പരബ്രഹ്മം വേദങ്ങളുടെ പരമാർത്ഥമാണ്. അതേപോലെ ഈ വിഷയത്തിൽ യജൂർവേദപ്രമാണവുമുണ്ട് (യസ്മാന്ന ജാ...). ഏതൊരു പരബ്രഹ്മത്തിൽ നിന്നാണോ (അന്യഃ) മറ്റേതെങ്കിലും (പരഃ) ഉത്തമപദാർത്ഥം (ജാതഃ നാസ്തി) പ്രകടമാവാത്തത്, (യ ആവിവേശ ഭു....) ഏതൊരാളാണോ എല്ലാ വിശ്വത്തിലും അതായത് എല്ലായിടത്തും വ്യാപ്തനായികൊണ്ടിരിക്കുന്നത് (പ്രജാപതി പ്ര....) അദ്ദേഹമാണ് എല്ലാ ജഗത്തിന്റെയും പാലനകർത്താവും അധ്യക്ഷനുമായിട്ടുള്ളത്. [അതേപോലെ (സങ്‌രരാണഃ) എല്ല പ്രാണികൾക്കും സുഖം നൽകുന്നത്.] ഏതൊരാളണൊ (ത്രീണി ജ്യോതീങ്ഷി) അഗ്നി, സൂര്യൻ, വിദ്യുത് എന്നീ മൂന്ന് ജ്യോതികളേയും സർവ്വ ജഗത്തിന്റെയും [വൈ.യ അച്ചടിച്ചതിൽ (സർവജഗത് എന്ന സ്ഥാനത്ത് പ്രജ എന്ന പദമാണ്.) പ്രകാശമാകുന്നതിനായി (പ്രജയാ) ഈ ജ്യോതികളാൽ അന്യസൃഷ്ടിയോടൊപ്പം] (സചതേ) രചിച്ച് സംയുക്തമാക്കിയതും ആരുടെ പേരാണോ (ഷോഡശീ) അതായത് 1. ഇക്ഷണം - യഥാർത്ഥ വിചാരം, 2. പ്രാണൻ, 3. ശ്രദ്ധ- സത്യത്തിൽ വിശ്വാസം, 4. ആകാശം, 5. വായു, 6. അഗ്നി, 7. ജലം, 8. പൃഥിവി, 9. ഇന്ദ്രിയം, 10. മനസ്സ് അതായത് ജ്ഞാനം, 11. അന്നം, 12. വീര്യം അതായത് ബലപരാക്രമങ്ങൾ., 13. തപസ്സ് അതായത് ധർമ്മാനുഷ്ഠാനവും സത്യാചരണവും, 14. മന്ത്രം അതായത് വേദവിദ്യ, 15. കർമ്മം അതായത് എല്ലാ ക്രിയകളും, 16. നാമം അതായത് ദൃശ്യവും അദൃശ്യവുമായ പദാർത്ഥങ്ങളുടെ സംജ്ഞകൾ എന്നിവയാണ് 16 കലകൾ. ഇവയെല്ലാം ഈശ്വരനിലുള്ളതിനാൽ അദ്ദേഹത്തെ ഷോഡശീ എന്നു വിളിക്കുന്നു.

(തുടരും)

*വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9. 18)*
*വിപ്രൻ സത്യവ്രതനും അമരനുമാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ : കെ.എം. രാജൻ

## അധ്യായം : 1 — മനുസ്മൃതിയുടെ മഹത്ത്വം, രചിയതാവ്, കാലവും ആദ്യരൂപവും (തുടർച്ച)

വിശ്വരൂപൻ തന്റെ യജുർവേദ ഭാഷ്യത്തിലും യാജ്ഞവൽക്യസ്മൃതി ഭാഷ്യത്തിലും മനുവിന്റെ അനേകം ശ്ലോകങ്ങളെ ഉദ്ധരിക്കുന്നുണ്ട്. വേദാന്തസൂത്രഭാഷ്യത്തിൽ ശങ്കരാചാര്യർ മനുസ്മൃതി നിരവധിയിടത്ത് ഉദ്ധരിക്കുന്നുണ്ട്. (വിശ്വരൂപ യാജ്ഞവൽക്യസ്മൃതി ഭാഷ്യം. 1.45‖വേദാന്ത ഭാഷ്യം 1.3.28, 36, 2.1.1, 11, 3.1.14, 3.4.38, 4.2.6‖ക്രിസ്തു വർഷം അഞ്ഞൂറിൽ ജൈമീനിയ സൂത്രങ്ങളുടെ ഭാഷ്യകാരനായ ശബരസ്വാമി തന്റെ ഭാഷ്യത്തിൽ മനുവിന്റെ അനേകം വാചകങ്ങളെ ഉദ്ധരിച്ചിട്ടുണ്ട്. യാജ്ഞവൽക്യ സ്മൃതിയുടെ മറ്റൊരു ഭാഷ്യകാരനായ വിജ്ഞാനേശ്വരൻ യാജ്ഞവൽക്യ സ്മൃതിയിലെ ശ്ലോകങ്ങളെ പുഷ്ടിപ്പെടുത്തുവാനായി മനുവിന്റെ ശ്ലോകങ്ങളെ ധാരാളം ഉദ്ധരിച്ചിട്ടുണ്ട്. (യാജ്ഞവൽക്യസ്മൃതി 1.7, 53, 62, 68, 72, 79, 80; 2.1, 2,5,21,26 മുതലയാവ) ഗൗതമൻ, വസിഷ്ഠൻ, ആപസ്തംബൻ, ആശ്വലായനൻ, ജൈമിനി, ബൗധായനൻ എന്നിവരുടെ സൂത്രഗ്രന്ഥങ്ങളിലും മനുവിനെ വളരെയധികം ആദരിച്ച് പറഞ്ഞിട്ടുണ്ട്. (ഗൗ.ധ.21.7, വാസി.ധ-1.17, ആപ. ധ - 2. 14. 11, ആപ. ശ്രൗ-3.10.35, 3.17, ആശ്വ. ശ്രൗ- 9.7.2, 10.7.1, ജൈ.ഗൃ.1.24, ബൗ.ധ-4.1.14, 16.) ആചാര്യ കൗടില്യൻ തന്റെ അർത്ഥശാസ്ത്രത്തിൽ അനേകം ഇടങ്ങളിൽ മനുസ്മൃതിയെ തന്റെ ആശയങ്ങളുടെ അടിസ്ഥാനമായി പറഞ്ഞിട്ടുണ്ട്. പലയിടത്തും മനുവിന്റെ വീക്ഷണം എടുത്തുപറഞ്ഞിട്ടുണ്ട് (കൗടില്യന്റെ അർത്ഥശാസ്ത്രം പ്ര.1 അ.1 പ്ര.10 അ.14). തങ്ങളുടെ ഗ്രന്ഥങ്ങളുടെ ഗരിമ വർദ്ധിപ്പിക്കാനായി മറ്റുപലരും മനുവിന്റെ ശ്ലോകങ്ങളെ ഉദ്ധരിച്ചിട്ടുണ്ട്.

(തുടരും)

ഈശാവാസ്യമിദം സർവ്വം (യജു. 40.1)
ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.



(മുൻ ലക്കത്തിന്റെ തുടർച്ച)

# പുരാണങ്ങൾ ; സത്യവും മിഥ്യയും

കെ. എം. രാജൻ

## അദ്ധ്യായം 5 പുരാണങ്ങൾ സ്വയം മാറ്റുരയ്ക്കുമ്പോൾ

പദ്മപുരാണം ഉത്തരഖണ്ഡം അധ്യായം 253ൽ പറയുന്ന ഏതാനും ശ്ലോകങ്ങൾക്കൂടി പരിശോധിക്കാം.

**യച്ഛരീരം മനുഷ്യാണാമൂർധ്വപുണ്ഡ്രവിവർജ്ജിതമ് ।**
**ദ്രഷ്ടവ്യം നൈവ തത് കിംഞ്ചിത് ശ്മശാന സദൃശം ഭവേത് ॥12॥**

അർത്ഥം : ഏതൊരു മനുഷ്യന്റെ നെറ്റിയിലാണ് നീണ്ടഗോപിക്കുറി ഇല്ലാത്തത് ആ മസ്തകം ശ്മശാനത്തിനു തുല്ല്യമാണ്.

**ബ്രാഹ്മണഃ കുലജോ വിദ്വാൻ ഭസ്മധാരീ ഭവേദ്യദി ।**
**വർജ്ജയേത്താദൃശം ദേവി മദ്യോച്ഛിഷ്ടം ഘടം തഥാ ॥19॥**

**അർത്ഥം:-** കുലീനനായ ബ്രാഹ്മണൻ നെറ്റിയിൽ ഭസ്മം ധരിച്ചാൽ മദ്യം നിറച്ച കുടം പോലെ അതിനെ ദർശിക്കാൻ യോഗ്യമല്ല.

ശിവപുരാണാദികളിൽ ശിവന്റെ പ്രശംസം മാത്രമാണുള്ളത്. വിഷ്ണു, ബ്രഹ്മാ തുടങ്ങിയവരുടെ ഉപാസനയും ബാഹ്യചിഹ്നങ്ങളും നിന്ദിക്കുന്ന തരത്തിലാണ് പറയുന്നത്.

**ശിവസാമാന്യവക്താരം ശിവസാമന്യദർശിനമ് ।**
**ദൃഷ്ട്വാ സ്നായാത് സചൈലം സൻ ശിവസാമന്യസങ്ഗിനമ് ॥**

(ശിവപുരാണം വിദ്യേ. സം. അ.5)

**അർത്ഥം:-** ആരാണോ ശിവന് തുല്ല്യരായി മറ്റു ദേവതകളെക്കുറിച്ച് പറയുന്നത് ശിവസമാനമായി കാണുന്നത് അയാളെ കണ്ടാൽ വസ്ത്രത്തോടുകൂടി മുങ്ങികുളിക്കണം.

**തേന തുല്യോ യദാവിഷ്ണുർബ്രഹ്മാ വാ യദി ഗദ്യതേ।**
**ഷഷ്ഠിവർഷസഹസ്രാണി വിഷ്ഠായാം ജായതേ കൃമിഃ ॥7॥**

(ലിംഗപുരാണം ഉത്തരഭാഗം അ.11)

**അർത്ഥം:-** ഏതൊരു മനുഷ്യനാണോ വിഷ്ണു ബ്രഹ്മാദികളെ ശിവസമാനരായി കാണുന്നത് അവർ അറുപതിനായിരം വർഷം വരെ മലത്തിൽ കൃമിയായി കിടക്കും.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
***ഹിംസ ചെയ്യാതിരിക്കൂ.***

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ : കെ. എം. രാജൻ

**അ**തിനാൽ 'ഭുംക്ത' എന്ന അർത്ഥം ഉചിതമായിരിക്കും. ഇവളുടെ സംരക്ഷണം അവരുടെ ഭർത്താവ് മാത്രമല്ല, എല്ലാവരും ചേർന്ന് ഏറ്റെടുക്കട്ടെ. ഈ അർത്ഥത്തിൽ ദ്രൗപദിക്ക് അഞ്ചുപതികളുണ്ടാവുന്ന പ്രശ്നമേ ഉദിക്കുന്നില്ല.

(12) ഇനി ആരെങ്കിലും ഇങ്ങനെ പറയുകയാണെങ്കിൽ - ഇവിടെ പരസ്മൈപദം സ്വതന്ത്രരൂപത്തിലാണ്. എന്തുകൊണ്ടെന്നാൽ എല്ലാവരും ചേർന്ന് ദ്രൗപദിയെ പാലിക്കുക (സംരക്ഷിക്കുക) എന്നഭിപ്രായമായിരുന്നില്ല കുന്തിയുടേത്. അതിനാൽ വക്താവിന്റെ അഭിപ്രായത്തിന് അനുകൂലമായി അഭിപ്രായം സ്വീകരിക്കേണ്ടതാണ്. അത് ഭക്ഷിക്കാനുള്ളതാണ്, വിവാഹം ചെയ്യാനുള്ളതല്ല. എന്തുകൊണ്ടെന്നാൽ ഒരു സ്ത്രീയെയാണ് കൊണ്ടുവന്നത് എന്നു മനസ്സിലാക്കാതെ ഉത്തമ ഭോജനം ഭിക്ഷയായി കൊണ്ടുവന്നതാണെന്നു കരുതി, 'ഭുംക്ത സമേത്യ സർവ്വേ' എന്നിങ്ങനെ പറഞ്ഞു. ഇതിന്റെ അർത്ഥം എല്ലാവരും ചേർന്ന് ഭക്ഷിച്ചാലും എന്നാണ്. ഇതനുസരിച്ച് ദ്രൗപദിയെ കൊന്നോ കൊല്ലാതെയോ കഷ്ണം കഷ്ണമാക്കിയോ കടിച്ചുകീറിയോ ഭക്ഷിക്കുക എന്നതാവുന്നു അർത്ഥം.

രാക്ഷസരായ ബകൻ ഹിഡിംബൻ തുടങ്ങിയവർ അപ്രകാരം ചെയ്യുന്നവരായി അവർ കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം ചെയ്തിരുന്നുവെങ്കിൽ അമ്മയുടെ വചനം സത്യമായിത്തീർന്നേനെ അഞ്ചുപേർ ചേർന്ന് ദ്രൗപദിയെ വിവാഹം കഴിക്കുക എന്ന വാക്ക് സത്യമാവുകയും ഇല്ലായിരുന്നു. എല്ലാവർക്കും പാപത്തിൽ നിന്ന് മുക്തരാവേണ്ടത് ആവശ്യമാണ്. അതിനാൽ ദ്രൗപദിക്ക് അഞ്ചുപതികൾ ഉണ്ടാവുക യുക്തിയുക്തമാവില്ല.

(13) യുധിഷ്ഠിരന്റെ മുഖത്തുനിന്നു വന്നതായി പറയപ്പെടുന്ന വചനങ്ങളും അനൗചിത്യങ്ങളാൽ നിറഞ്ഞതാണ്. ഇവയൊന്നും യുധിഷ്ഠിരനാൽ പറയപ്പെടുവാൻ യോഗ്യമല്ല. നിങ്ങൾ ഇവ പ്രത്യേകമായി ചിന്തിച്ചു നോക്കിയാലും. യുധിഷ്ഠിരന്റെ പേരിൽ ഉണ്ടാക്കിയ ഒരു വാക്യം കണ്ടാലും

**അബ്രവീത് സഹിതാൻ ഭ്രാതൃൻ, മിഥോ ഭേദയാൻ നൃപഃ |**
**സർവേഷാം ദ്രൗപദീ ഭാര്യാ ഭവിഷ്യതി ഹി നഃ ശുഭാ ||**

(മഹാഭാരതം ആദിപർവ്വം അദ്ധ്യായം. 190 ശ്ലോകം 16)

(തുടരും)

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**
**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ**



*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

"ഇവരുടെ ജന്മനാട് ഒറ്റപ്പാലത്തിനടുത്ത് കോതകുർശ്ശി. വീട്ടുപേര് വാലക്കളം. സ്വനാമം ദേവകി. ദേവൂ എന്നു വിളിക്കും." പത്മനാഭൻ നായർ സഹധർമ്മിണിയെ ചുരുക്കി പരിചയപ്പെടുത്തി.

"നമ്മുടെ നേതാവ് ശങ്കരനാരായണമേനോന്റെ കുടുംബമല്ലേ? പരിചയപ്പെടാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്" ബഹുമാനപുരസ്സരം പാച്ചൻ കൈകൂപ്പി.

"അദ്ദേഹത്തിന്റെ അനുജത്തിയുടെ മകളാണ് ഞാൻ." വിനീതയായി തലതാഴ്ത്തികൊണ്ട് തറവാടിത്തം വിടാതെ ദേവു അമ്മ ഉദ്ബോധിപ്പിച്ചു. "അപ്പോൾ നാം അയൽക്കാരാണ്, അഞ്ചാറു നാഴികയുടെ ദൂരമേയുള്ളൂ. നിങ്ങളുടെ ഒരു കളം പാലപ്പുറത്തല്ലേ? തറയിൽ വാര്യരുടെ കളത്തിനടുത്ത്. ഒരു ശൂലപാണി വാര്യരായിരുന്നു ആ തറക്കൽ കളം കാര്യസ്ഥൻ. ഞാനറിയും." പാച്ചന്റെ മുഖം അയൽക്കാരിയെ കണ്ടുമുണ്ടിയ സന്തോഷത്താൽ പ്രഫുല്ലിതമായി.

"അതെ ആ കളത്തിൽ ഞങ്ങളുടെ അമ്മാമയാണ് നൂൽനൂൽപ്പും ഖാദി പ്രവർത്തനവും മറ്റുമായി താമസിക്കുന്നത്. കേളപ്പജിയുടെ സഹപ്രവർത്തകനായിരുന്നുവല്ലോ. കേളപ്പജി പറയുന്ന മുറയ്ക്ക് സർവ്വോദയപ്രവർത്തനവുമായി പോവുകയും അമ്മാവൻ പാലപ്പുറത്ത് താമസിക്കുകയും ചെയ്തു. എന്താ അറിയുമോ?" അവരുടെ മുഖത്ത് എന്തൊ ഒരടുപ്പം പ്രകടമായിരുന്നു.

"ഉവ്വ് ഞാനറിയും. എന്റെ അച്ഛനാകേണ്ട പ്രായമുണ്ട്. ഞങ്ങൾ നിത്യേന കാണാറുണ്ട്. വൈകുന്നേരം 4 മണിയോടുകൂടി ഞാൻ അവിടെ പോവുക പതിവാണ്. ഗാന്ധിജിയുടെ വിചാരധാരയാണ് പ്രധാന ചർച്ചാവിഷയം. കൂട്ടത്തിൽ ഭഗവത്ഗീതാദി ആദ്ധ്യാത്മിക വിഷയങ്ങളും ഉണ്ടാവും. രാഷ്ട്രീയം തീരെ പതിവില്ല. അതിനോട് അദ്ദേഹത്തിന് പൊതുവെ വെറുപ്പാണ്. രാഷ്ട്രീയക്കാരുടെ മൂല്യച്യുതിയും അധികാരക്കൊതിയും സ്വാർത്ഥലാഭേച്ഛയുംകൊണ്ട് ദുഷിച്ച് നാറിയ രാഷ്ട്രീയം കണ്ടു മടുത്ത് നിരാശനായി അദ്ദേഹം അതിനോട് വിടപറഞ്ഞു കഴിഞ്ഞിരിക്കുന്നു. സന്ന്യാസിയെപ്പോലെ ജനസേവനം തന്നാലാവും വിധം ചെയ്തുകൊണ്ടിരിക്കുകയാണിപ്പോൾ." മൗനിയായിരുന്ന പാച്ചൻ വാചാലനായി.

(തുടരും)

**യന്തി പ്രമാദമതന്ദ്രാഃ (സാമം 721)**

**ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു**

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ. എം. രാജൻ

## സമാധിപാദം (തുടർച്ച)

ഏതെല്ലാം വൃത്തികളാണോ വിവേകഖ്യാതിയെ ഉൽപന്നമാക്കുന്നത്, ഗുണങ്ങളെ ഉണ്ടാക്കുന്ന സാമർത്ഥ്യങ്ങളെ നഷ്ടമാക്കുന്നത്, അവ അക്ലിഷ്ട വൃത്തികളാണ്(അതായത് സുഖം നൽകുന്നവയാവുന്നു). ക്ലിഷ്ടവൃത്തികളുടെ ക്രിയാ കാലത്തിൽ അക്ലിഷ്ട വൃത്തികൾ വരികയാണെങ്കിൽക്കൂടി അവ അക്ലിഷ്ടമായിത്തന്നെ നിലകൊള്ളുന്നു(ക്ലിഷ്ടമാവുന്നില്ല). ക്ലിഷ്ടവൃത്തികളുടെ മധ്യത്തിൽ നിറഞ്ഞിരിക്കുന്ന അക്ലിഷ്ടവൃത്തികൾ അക്ലിഷ്ടമായിത്തന്നെ നിലകൊള്ളുന്നു. അക്ലിഷ്ടവൃത്തികളുടെ ക്രിയയിൽ ക്ലിഷ്ടവൃത്തികൾ വരുമ്പോഴും അത് ക്ലിഷ്ടമായിത്തന്നെ നിലനിൽക്കുന്നു. (അക്ലിഷ്ടമാവുന്നില്ല). വൃത്തികൾ എപ്രകാരമാവുന്നുവോ അവ അപ്രകാരത്തിലുള്ള സംസ്കാരങ്ങളെ ഉണ്ടാക്കുന്നു. (സംസ്കാരങ്ങളാൽ വൃത്തികൾ ഉൽപന്നമാവുന്നു). ഇപ്രകാരം വൃത്തികളുടേയും സംസ്കാരങ്ങളുടേയും ചക്രം നിരന്തരം കറങ്ങി കൊണ്ടിരിക്കുന്നു. ഇപ്രകാരത്തിലുള്ള സമാപ്താധികാരം (ഏതാണോ ഭോഗാപവർഗ്ഗങ്ങളെ പുരുഷനുവേണ്ടി സിദ്ധമാക്കിയത് അങ്ങനെയുള്ള) ചിത്തം ആത്മാവിന്റേതുപോലെ പവിത്രമായി വർത്തിക്കുന്നു. അഥവാ പ്രളയത്തെ പ്രാപിക്കുന്നു.

യോ.പ്ര. ഈ സൂത്രത്തിൽ വൃത്തികളുടെ അഞ്ചു പ്രകാരങ്ങൾ പറഞ്ഞിട്ടുണ്ട്. ഈ അഞ്ചു വൃത്തികളും ക്ലിഷ്ടാക്ലിഷ്ട ഭേദത്താൽ ഈരണ്ടു പ്രകാരത്തിലുള്ളതാണ്. പാപങ്ങളുടെ ദൃഷ്ടിയാൽ വൃത്തികളുടെ രണ്ട് ഭാഗങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഏതെല്ലാം വൃത്തികളാണോ വ്യക്തിയെ ജ്ഞാനിയെ ജ്ഞാനം, വൈരാഗ്യം, ധർമ്മം, മോക്ഷം എന്നിവയിലേക്ക് നയിക്കാൻ കാരണമാവുന്നത് അവ അക്ലിഷ്ട വൃത്തികളാണ്. ഏതെല്ലാം വൃത്തികളാണോ സാധകനെ അജ്ഞാനം, അവൈരാഗ്യം, അധർമ്മം, ബന്ധനം എന്നിവയിലേക്ക് നയിക്കാൻ കാരണമാവുന്നത് അവ ക്ലിഷ്ടവൃത്തികളാണ്. ഉദാഹരണം- സത്പുരുഷന്മാരുടെ സംഗത്താലും അവരുടെ ഉപദേശത്താലും മോക്ഷത്തെ പ്രദാനം ചെയ്യുന്ന ശാസ്ത്രങ്ങളുടെ അധ്യയനാധ്യാപനത്തിൽ നിന്നും നിഷ്കാമ കർമ്മങ്ങളിൽ നിന്നും അക്ലിഷ്ടവൃത്തികൾ ഉൽപന്നമാവുന്നു.

(തുടരും)

ബൃഹദ് വദേമ വിദഥേ സുവീരാഃ (യജുർവേദം 34.58)
ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും

(മുൻലക്കത്തിന്റെ തുടർച്ച)



# അഷ്ടാധ്യായി പ്രവേശിക

ആചാര്യ ബൽദേവ് നൈഷ്ഠിക്
തർജ്ജമ : ബ്രഹ്മചാരി വിഷ്ണു ആര്യ

## പ്രത്യാഹാര സൂത്രങ്ങളുടെ സൂത്രോദാഹരണ വിവരണം (തുടർച്ച)

| നമ്പർ | പ്രത്യാഹാര സൂത്രങ്ങൾ | പ്രത്യാഹാരങ്ങൾ | വർണ്ണങ്ങൾ | ഉദാഹരണം |
|---|---|---|---|---|
| 14 | ഹല് | 1. ത്സല് | ഝ,ഭ,ഘ,,ഢ ധ,ജ,ബ,ഗ,ഡ, ദ,ഖ,ഫ,ഛ,ഠ ഥ,ച,ട,ത,ക,പ ശ,ഷ,സ,ഹ | ഝലോ ഝലി (18.2.26) |
| | | 2.ശല് | ശ,ഷ,സ,ഹ | ശല ഇഗുപധാദനിടഃ ക്സഃ (3.1.45) |

അഷ്ടാധ്യായി സൂത്രങ്ങളിലെ പ്രത്യാഹാരങ്ങൾ : 41
ഉണാദികോഷത്തിൽ പ്രയോഗിച്ച പ്രത്യാഹാരം : 1
വാർത്തികകോഷത്തിൽ പ്രയോഗിച്ച പ്രത്യാഹാരം : 1
ആകെ പ്രത്യാഹാരങ്ങൾ : 43

**ചോദ്യം :** എല്ലാം ചേർത്ത് 43 പ്രത്യാഹാരങ്ങളാണോ ഉണ്ടാക്കാൻ സാധിക്കുന്നത്?

**ഉത്തരം :** പ്രത്യാഹാരങ്ങൾ അനേകം നിർമ്മിക്കാൻ സാധിക്കും. എന്നാൽ ഏതെല്ലാം പ്രത്യാഹാരങ്ങളുടെ ആവശ്യകതയാണോ സൂത്രങ്ങളിൽ വന്നത് അവയെ മാത്രമേ നിർമ്മിച്ചിട്ടുള്ളൂ. ഉദാഹരണമായി ഒരു വ്യക്തിക്ക് 10 കാര്യങ്ങൾ ചെയ്യാനുണ്ട്. അയാൾക്ക് 2000 ഭൃത്യന്മാരുമുണ്ട്. ജോലി അനുസരിച്ച് ആ വ്യക്തി തന്റെ ഭൃത്യന്മാരെ 10 ഭാഗങ്ങളിൽ നിയമിക്കുന്നു. ഒരുപാട് ഭാഗങ്ങളിലായി ഇവരെ നിയമിക്കാൻ സാധിക്കുമായിരുന്നുവെങ്കിലും ജോലിക്കനുസൃതമായാണ് നിയമിച്ചത്.

**ചോദ്യം:** പ്രത്യാഹാര സൂത്രങ്ങളിൽ വിവരിച്ച വർണ്ണങ്ങുടെ മാത്രം പ്രത്യാഹാരങ്ങളെ അഷ്ടാധ്യായിയിൽ ഉണ്ടാവുകയുള്ളൂ? അഥവാ പ്രത്യയം മുതലായവയുടേയും ഉണ്ടാവുമോ?

**ഉത്തരം :** പ്രത്യയം മുതലായവയുടേയും ഉണ്ടാവുന്നു. ഉദാഹരണമായി സുപ്, തിങ് തുടങ്ങിയവ. ഇവയെ മുന്നിൽ വരുന്ന വിഭക്തി പ്രകരണത്തിൽ വിവരിക്കുന്നതായിരിക്കും.

**സൂചന :** ഏതെല്ലാം പ്രത്യാഹാരസൂത്രങ്ങളിൽ നിന്നും ഏതേതു പ്രത്യാഹരങ്ങൾ ഉണ്ടാവുന്നുവെന്നും, അവയെ പ്രയോഗിക്കുന്ന സൂത്രങ്ങൾ ഏതെന്നും വിദ്യാർത്ഥി ഓർമ്മിക്കേണ്ടതാണ്.

(തുടരും)

*ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10. 28)*
*ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# ഗോകരുണാനിധി

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ : കെ. എം. രാജൻ

## ।ओ३म्।

## അഥ ഗോകരുണാനിധിഃ

### അഥ സമീക്ഷാപ്രകരണം

### ഗോകൃഷ്യാദിരക്ഷിണീ സഭാ

**നോ**ക്കു തുച്ഛമായ ലാഭത്തിനുവേണ്ടി ലക്ഷകണക്കിന് പ്രാണികളെ കൊന്ന് മനുഷ്യർക്ക് ഹാനിയുണ്ടാക്കുന്നത് എന്തുകൊണ്ട് മഹാപാപമല്ല?

എരുമ പശുവിനെക്കാൾ സ്വൽപം കൂടുതൽ പാൽ നൽകും. പോത്ത് കാളകളോളം പണിയെടുക്കില്ല. പശുവിന്റെ പാലിൽ നിന്നും കാളകൾ ചെയ്യുന്ന ജോലികൾ കൊണ്ടും ലഭിക്കുന്നത്ര പ്രയോജനം എരുമയിൽ നിന്നും പോത്തിൽ നിന്നും ലഭിക്കില്ല. എന്തെന്നാൽ പശുവിൻ പാലിന്റെയത്ര ആരോഗ്യകരവും ബുദ്ധിവർദ്ധകവുമല്ല എരുമയുടെ പാൽ. അതിനാൽ ആര്യന്മാർ പശുവിനെ സർവോത്തമ മൃഗമായി അംഗീകരിച്ചു.

പശുവിനെക്കാളും എരുമയെക്കാളും കൂടുതൽ പാൽ ഒട്ടകത്തിൽ നിന്ന് ലഭിക്കും. എന്നാൽ അത് അത്രഗുണമുള്ളതല്ല. ആൺ പെൺ ഒട്ടകങ്ങൾക്ക് ഭാരം വഹിച്ച് വേഗത്തിൽ യാത്രചെയ്യാനുള്ള പ്രശംസാർഹമായ കഴിവുണ്ട്.

ആട് കുറഞ്ഞത് മൂന്ന് സേറും ഏറിയാൽ അഞ്ച് സേറും പാൽ തരും. ശരാശരി മൂന്ന് സേർ പാൽ ലഭിക്കും. 3മുതൽ 6 മാസം വരെ അവക്ക് കറവയുണ്ടാവും. ഒരുമാസത്തിൽ ശരാശരി രണ്ടേകാൽ മന്നും 4 മാസത്തിൽ 9 മന്നും പാൽ നൽകും. നേരത്തെ പറഞ്ഞപ്രകാരം ഈ പാൽകൊണ്ട് 180 പേർക്ക് തൃപ്തിയടയാം. വർഷത്തിൽ ആട് രണ്ടുപ്രാവശ്യം പ്രസവിക്കും. ഈ കണക്കനുസരിച്ച് ഒരു വർഷത്തിൽ ഒരു ആടിന്റെ പാൽകൊണ്ട് 360 പേർക്ക് ഒരു നേരം തൃപ്തിയടയാം. ഒരു ആട് കുറഞ്ഞത് നാലുവർഷവും കൂടിയത് 8 വർഷവും പ്രസവിക്കും. ഇതിന്റെ ശരാശരി 6 വർഷമാണ്. ഒരു ജന്മത്തിൽ ഒരു ആട് ശാരശരി 24 കുട്ടികളെ പ്രസവിക്കും കുറഞ്ഞത് ഒരു കുട്ടിയും ഏറിയത് 3 കുട്ടികളും ഒരു പ്രസവത്തിൽ ഉണ്ടാവും. അവയിൽ രണ്ടെണ്ണം ചെറുപ്രായത്തിൽ മരിച്ചുപോയേക്കാം. ബാക്കിയുള്ള 22 ആടുകളിൽ 12 എണ്ണത്തിന്റെ (12 പെണ്ണാടുകളും 10 ആടാണുകളും കണക്കാക്കിയാൽ) പാൽ കൊണ്ട് 25920 മനുഷ്യർക്ക് ഒരു നേരത്തിന് തികയും. (തുടരും)

**തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)**
**ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !**

(മുൻ ലക്കത്തിന്റെ തുടർച്ച)



# മാപ്പിള

വീർവിനായക് ദാമോദർ സവർക്കർ
തർജ്ജമ: കെ.എം. രാജൻ

## അദ്ധ്യായം 1

"മുക്തരാവുകയൊ?" മൗലവിക്ക് ഇതുകേട്ടപ്പോൾ ചിരിവന്നു.

"വിഡ്ഢി! അവരെല്ലാം നരകാഗ്നിയിൽ കത്തിക്കൊണ്ടിരിക്കുകയാണ്. ദൈവത്തിലും പ്രവാചകനിലും വിശാസമുള്ളവർക്ക് മാത്രമേ മുക്തി ലഭിക്കുകയുള്ളൂ"

"എന്ത്? ഞങ്ങൾ ഈശ്വരനിൽ ഭക്തിപൂർവ്വം വിശ്വസിക്കുന്നു. എന്നാൽ നിങ്ങൾ പറയുന്നതുപോലെ പ്രവാചകനായ മുഹമ്മദിലും ഉയിർത്തെഴുന്നേൽപ്പ്, ഉൽപ്പത്തി എന്നിവയിലും വിശ്വസിക്കുന്നില്ലായെങ്കിൽ ഞങ്ങൾക്ക് മുക്തി ലഭിക്കില്ലേ?" "ഒരിക്കലുമില്ല."

"എങ്കിൽ ഞങ്ങൾക്ക് ഈശ്വരനിൽ വിശ്വസിക്കുന്നതുപോലെ പ്രവാചകനിലും ഭക്തിയുണ്ടാവുന്നത് മഹത്തരമാണ്. പ്രവാചകനു മുമ്പുണ്ടായിരുന്ന ഞങ്ങളെപ്പോലെ ലക്ഷങ്ങളോളമുള്ള തലമുറകളിൽ പിറന്നവർക്കും ഞങ്ങളുടെ ഹൈന്ദവാചാര്യന്മാർക്കും നരകമാണോ ലഭിച്ചത്?"

"തീർച്ചയായും, ദൈവത്തിന്റെ പുസ്തകത്തിൽ ഇക്കാര്യം സ്പഷ്ടമയി പറഞ്ഞിട്ടുണ്ട്."

"എങ്കിൽ വളരെ നല്ലത്." കബ്ബു നടന്നുകൊണ്ടു പറഞ്ഞു. "മൗലവീ! ഏതൊരു നരകത്തിലാണോ സന്ന്യാസിമാരും മറ്റും വസിക്കുന്നത് എന്റെ പൂർവ്വികരുടെ തലമുറകളും കിടക്കുന്നത് അതുതന്നെയാണ് എന്റെ സ്വർഗ്ഗം. ഞാൻ ഹിന്ദുവായി തന്നെ തുടരും. ഈ ധർമ്മം വെടിഞ്ഞ് സ്വർഗ്ഗംനേടാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ധർമ്മരാജാവിന്റെ (യുധിഷ്ഠിരൻ) കഥ എന്റെ മുത്തശ്ശി ഇന്നും എനിക്കു പറഞ്ഞു തന്നു. അഞ്ചു സഹോദരന്മാരെ ഉപേക്ഷിച്ച് സ്വർഗ്ഗത്തിൽ പോകുന്നതിലും നരകത്തിൽ തന്റെ കുടുംബാംഗങ്ങളോടും ബന്ധുക്കളോടു മൊപ്പം കഴിയുന്നതാണ് ശ്രേയസ്സ്കരമെന്ന് അറിഞ്ഞ് തന്റെ ധർമബലത്താൽ സ്വന്തം സഹോദരൻമാരെ മുക്തരാക്കി അദ്ദേഹം. ഞാൻ ആ ധർമ്മരാജാവിന്റെ ഭക്തന്മാരുടെ ഒരു ഇളയ സഹോദരനായ ഭക്തനാവുന്നു. ഞാൻ ധർമ്മ രാജാവിന്റെയും ശ്രീകൃഷ്ണന്റെയും പാവനമായ ഹൈന്ദവ ധർമ്മത്തിന്റെ അനുയായി ആയിത്തന്നെ തുടരും."

ഇത്രയും സമയത്തിനുള്ളിൽ തീയ്യൻമാരുടെ അഥവ തൊട്ടു കൂടാത്തവരുടെ വസതി അഥവ കുടിൽ എന്നുകൂടി പറയാവുന്ന വാസ സ്ഥാനത്തു നിന്ന് ഉച്ചത്തിലുള്ള വിളി കേട്ടു. (തുടരും)

**ധർമ്മം ചര (തൈ. ഉ. 1.11.1)**
**ധർമ്മാചരണം ചെയ്യൂ !**

(മുൻലക്കത്തിന്റെ തുടർച്ച)



# ഹിന്ദുസംഘടന എന്തുകൊണ്ട്? എങ്ങനെ?

സ്വാമി ശ്രദ്ധാനന്ദൻ
തർജ്ജമ : കെ. എം. രാജൻ

## ഒന്നാം പതിപ്പിന്റെ ആമുഖം

നമ്മുടെ മാതൃഭൂമിക്ക് ആര്യാവർത്തമെന്ന പേരിട്ട ഇപ്പോഴത്തെ ഹിന്ദുക്കളുടെ പൂർവ്വികരായ ആര്യന്മാർ വളരെ ഉന്നതമായ ഒരു നാഗരികതുടെ ഉടമകളും സംഘടിതരുമായിരുന്നു. ഇന്ന് പരിഷ്കൃതർ എന്നു പറയുന്ന ലോകത്തിലെ വിവിധ രാജ്യങ്ങളിലെ പൂർവ്വികർ വനങ്ങളിൽ കാട്ടുജാതികളെപ്പോലെ ജീവിക്കുകയും നഗ്നത മറക്കാൻ വൃക്ഷങ്ങളുടെ ഇലകളും മറ്റും ഉപയോഗിച്ചിരുന്നപ്പോൾ നമ്മുടെ പ്രാചീനാര്യൻമാർ ഇപ്പോൾ കാണുന്നതിനേക്കാളും ഏറെ ഉന്നതമായ നാഗരികതയുടേയും സഭ്യതയുടേയും ഉടമകളായിരുന്നുവെന്ന് പ്രാചീന ഭാരതീയ ചരിത്രം നിഷ്പക്ഷമായി പരിശോധിച്ചാൽ അറിയാം. അവരുടെ സാംസ്കാരികമായ നില ഉന്നതവും ഉദാരവും വ്യാപകവുമായിരുന്നു. അത് ലോകത്തിന്റെ മുഴുവൻ ആദരവ് പിടിച്ചുപറ്റിയിരുന്നു. ആര്യാവർത്ത ഭൂഖണ്ഡം സുഖം, ശാന്തി എന്നിവയുടെ സാമ്രാജ്യമായിരുന്നു. ധ്രുവപ്രദേശങ്ങൾ, പേർഷ്യ, ചൈന, ജാപ്പാൻ, ഈസ്റ്റ് ഇൻഡ്യൻ ദ്വീപസമൂഹങ്ങൾ, ഭൂമിയുടെ മറ്റും ഭാഗങ്ങൾ എന്നിവിടങ്ങളിൽ പ്രചീന ആര്യസംസ്കാരത്തിന്റെ ചിഹ്നങ്ങളായ ശ്രീരാമ-സീതാ വാർഷികാഘോഷങ്ങളും ഭാരതീയ പൈതൃകത്തിന്റെ അവശേഷിപ്പുകളും കാണപ്പെടുകയുണ്ടായി.

പേർഷ്യ, ഗ്രീസ് എന്നിവിടങ്ങളിലെ അവ്യക്തമായ പ്രാചീന ചരിത്രത്തിൽ ഭാരതത്തിൽ വിദേശികൾ നടത്തിയ അക്രമങ്ങളെക്കുറിച്ച് വർണ്ണിക്കുന്നുണ്ട്. എന്നാൽ അവയൊന്നും ഭാരതീയരിൽ കാര്യമായ മാറ്റമൊന്നും ഉണ്ടാക്കിയില്ല. ഈ ആക്രമണകാരികളിൽ ഇവിടെ ശേഷിച്ചു പോയവർ ഭാരതീയ സംസ്കാരത്തിന്റെ ഭാഗമായി തീർന്നു. ക്രിസ്തുവിനു മുമ്പുള്ള ആക്രമണകാരികളിൽ മക്ദൂണിലെ (Macedon) മഹാനായ അലക്സാണ്ടർക്ക് മാത്രമേ സത്ലജ്തീരം വരെ എത്താൻ കഴിഞ്ഞുള്ളൂ. അദ്ദേഹം തന്റെ സേനാപതികളായി ഭാരതീയ ക്ഷത്രപ - സാമന്തരെ ഭരണാധികളായി നിയമിച്ചിരുന്നു. എന്നാൽ അക്കാലത്ത് സമുദ്രഗുപ്തനെപ്പോലുള്ള ഭരാണിധാരികൾ ഉയർന്നുവരികയും നഷ്ടപ്പെട്ടുപോയ ഭാരതഭൂമിയുടെ ഭാഗങ്ങൾ തിരിച്ചുപിടിക്കുകയും ചെയ്തുവെന്നുമാത്രമല്ല, യവനരാജകുമാരികളെ വിവാഹം ചെയ്യുകപോലുമുണ്ടായി. (തുടരും)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**



(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദത്തിന്റെ ഋക് സംഖ്യ

പണ്ഡിറ്റ് യുധിഷ്ഠിർ മീമാംസക്
തർജ്ജമ : കെ.എം. രാജൻ

**ആ**ധുനിക പണ്ഡിതർ പ്രാചീനാചാര്യന്മാരുടെ ഗണനാവിധിയെ ശരിയായ വിധത്തിൽ മനസ്സിലാക്കാതെ അനേകം തെറ്റുകൾ വരുത്തിയിട്ടുണ്ട്. ഈ ലേഖനത്തിൽ അവരുടെ തെറ്റുകളെ എടുത്തു കാണിക്കുന്നതിനും ഋഗ്വേദത്തിന്റെ ശുദ്ധമായ ഋക്സംഖ്യ കണ്ടെത്താനുള്ള ശ്രമവും നടക്കുന്നുണ്ട്.

ശതപഥ ബ്രാഹ്മണം10.4.2.23ൽ ഇപ്രകാരം എഴുതിയിട്ടുണ്ട്

സ ഋചോ വ്യൗഹത ദ്വാദശ ബൃഹതീസഹസ്രാണി ।
ഏതാ വത്യോ ഹ്യൃചോ യാഃ പ്രജാപതി സൃഷ്ടാഃ॥

**അർത്ഥം :** പ്രജാപതി 12000 ബൃഹതീച്ഛന്ദസിന്റെ പരിമാണത്തിലുള്ള ഋചകളെ ഉൽപന്നമാക്കി. ഇത്രതന്നെ പ്രജാപതിയാൽ ഉണ്ടാക്കപ്പെട്ട ഋചകളുണ്ട്.

പന്ത്രണ്ടായിരം ബൃഹതീച്ഛന്ദസ്സിന്റെ 12000x36 = 432000 അക്ഷരങ്ങളുണ്ടാകുന്നു. ശതപഥത്തിന്റെ ഈ പ്രകരണത്തെ ശരിയായി മനസ്സിലാക്കിയാൽ ഈ അക്ഷരപരിമാണം കേവലം ഋഗ്വേദത്തിന്റെ ഋചകളുടേതല്ല, മറിച്ച് വേദചതുഷ്ടയാന്തർഗതമായ സമസ്ത ഋചകളുടേതാണ് എന്ന് ബോധ്യമാവും. എന്തെന്നാൽ ശതപഥത്തിന്റെ ഈ പ്രകരണത്തിൽ ത്രയീവിദ്യയെ വർണ്ണിച്ചുകൊണ്ട് ഋഗ്, യജു, സാമങ്ങളുടെ സംഖ്യയെയാണ് കാണിച്ചിരിക്കുന്നത്. അഥർവ്വത്തിന്റേതല്ല. അതുകൊണ്ട് ഇപ്രകാരത്തിലുള്ള ഋഗ്, യജു, സാമശബ്ദങ്ങൾ ഗ്രന്ഥവിശേഷത്തിന്റെ വാചകമാവാതെ മന്ത്രപ്രകാരത്തിന്റെ വാചകങ്ങളാവുന്നു. ആചാര്യ ജൈമിനി ത്രയീ വിദ്യകൾക്കായി ഉപയോഗിക്കാവുന്ന ഋഗ്, യജു, സാമം എന്നീ ശബ്ദങ്ങളുടെ അർത്ഥം ഇപ്രകാരം വർണ്ണിക്കുന്നു.

യത്രാർത്ഥവശേന പാദവ്യവസ്ഥാ സ ഋക്।ഗീതിഷു
സമാഖ്യാ।ശേഷേ യജുഃ ശബ്ദഃ॥ മീംമാംസ 2.1.35-37

അതായത് ചതുർവേദങ്ങളിലും എത്ര പാദബദ്ധമായ (പദ്യമയം) മന്ത്രങ്ങളുണ്ടോ അവ ഋക് എന്നും, ഗാനാത്മകങ്ങായവ സാമമെന്നും ഗദ്യമന്ത്രങ്ങൾ യജുഃ എന്നും അറിയപ്പെടുന്നു.

ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ അനുവാകാനുക്രമണിയിൽ എഴുതിയിട്ടുള്ള 432000 എന്ന സംഖ്യ ഋഗ്വേദത്തിന്റെ എല്ലാ ശാഖകളിലും പെട്ട 10580 ഉം ഒരു പാദവുമായ ഋചകളുടേതാണ്. (തുടരും)

സർവ്വ തദ് ഹന്മി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)
ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.

(മുൻലക്കത്തിന്റെ തുടർച്ച)



## ബൈബിൾ സ്വയം മാറ്റുരയ്ക്കുമ്പോൾ

# സത്യം അറിയുക. സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹന്നാൻ 8.32)

സത്യകാമൻ

"എണ്ണമറ്റ രഹസ്യങ്ങളിൽക്കൂടിയാണ് പ്രപഞ്ചപ്രവർത്തനങ്ങൾ നടക്കുന്നത്. ആ മഹാരഹസ്യത്തെ ദൈവം എന്നു സങ്കല്പിച്ചാൽ അറിയപ്പെടാത്ത രഹസ്യങ്ങളുടെയല്ലാം രഹസ്യമാണ് ദൈവം എന്നുപറയാം. അങ്ങനെയുള്ള ആ മഹാരഹസ്യത്തിന് നാമരൂപങ്ങൾ നൽകിയും മനുഷ്യരൂപങ്ങൾ കൊടുത്തും കാവ്യാത്മകമായ കല്പനക്കുള്ളിൽ പൊതിഞ്ഞു മതങ്ങൾ ഇന്ന് നൂറായിരം കള്ളകഥകൾ അതിന്റെ പേരിൽ രചിക്കുന്നു" (നിത്യചൈതന്യയതി)

**ശാസ്ത്രം : 8**

"സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണാനായി. സൂര്യനെ അണിഞ്ഞൊരു സ്ത്രീ. അവളുടെ തലയിൽ 12 നക്ഷത്രം കൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു. അവൾ ഗർഭിണിയായി നോവ് കിട്ടി വേദനപ്പെട്ട് നിലവിളിച്ചു. സ്വർഗത്തിൽ മറ്റൊരു അടയാളം കാണാനായി. ഏഴു തലയും പത്തുകൊമ്പും തലയിൽ ഏഴു രാജമുടിയുമായി തീ നിറമുള്ളൊരു മഹാസർപ്പം. അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്കെറിഞ്ഞു കളഞ്ഞു."(വെളിപാട് പുസ്തകം 12:1-4)

**ശാസ്ത്രം : 9**

"അഞ്ചാമത്തെ ദൂതൻ ഊതി. അപ്പോൾ ഒരു നക്ഷത്രം ആകാശത്ത് നിന്ന് ഭൂമിയിൽ വീണു കിടക്കുന്നത് ഞാൻ കണ്ടു."(വെളിപാട് 9 :1)

ഹാ! എന്തൊരു ശാസ്ത്രം? ഇങ്ങനെയെല്ലാമുള്ള ഈ പുസ്തകം ആധുനിക ശാസ്ത്രത്തിനു പോലും വഴികാട്ടിയാണെന്ന് തെരുവോരങ്ങളിൽ പ്രസംഗിച്ചുനടക്കുന്നവർക്ക് എവിടെയാണ് പാർപ്പിടം ഒരുക്കേണ്ടത്? ശാസ്ത്രാഭാസം ചിത്തഭ്രമമുള്ളവർ പറയാറില്ല. അത് മരുന്നുകൊണ്ടും മനഃശാസ്ത്രചികിത്സ കൊണ്ടും മാറ്റാൻ കഴിയുന്നതാണ്.

ക്രിസ്തുവിന്റെ രണ്ടാമത്തെ വരവോടുകൂടി നക്ഷത്രങ്ങൾ ഇനിയും ഭൂമിയിൽ വീഴുമെന്ന് ഒരു സുവിശേഷകൻ പുതിയ നിയമത്തിൽ പ്രവചിച്ചിരിക്കുന്നു.

(തുടരും)

പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33. 81).
വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.



(Cont'd from last issue)

# Dayananda The Great

Ved Mitra

## Chapter -I
## DAYANANDA - AS A SCHOLAR

And that is why great Sri Aurobindo, giving tribute to Dayananda in his masterly fashion writes:

" Very different was the manner of working of Dayananda. Here was one who did not infuse himself informally into the indeterminate soul of things, but stamped his figure indelibly as in bronze on men and things. Here was one whoes normal works are the very children of his spiritual body, Children fair and robust and full vitality, the image of their creator. Here was one who knew definitely and clrearly the works he was sent to do, chose his materials, determined his conditions with a soveregin clairvoyance of the spirit and executed his conception with the puissant mastery of the born worker. As I regard the figure of this formidable artisan in God's workshop, images crowd on me which are all of battle and work and conquest and trimphant labour. Here I say to myself, was a very soldier of Light, a warrior in God's world, a sculptor of men and instituitions a bold and rugged victor of the difficulties which matter present to spirit. And the whole sums itself up to me in a powerful impression of spiritual practicality. The combination of these two words, usually so divorced from each other in our conceptions, seems to me the very definition of Dayananda"

(Bankim - Tilak, Dayanada, P.42)

And this is the reason why the autor of this booklet calls Daynanda greater than the greatest of all scholars born on the face of the globe subsequent to Mahabaratha period.

(To be continued)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !

(മുൻലക്കത്തിന്റെ തുടർച്ച)



# വേദ പുഷ്പങ്ങൾ

## 2. സരസ്വതീ സൂക്തം (തുടർച്ച)

കെ.എം. രാജൻ

**ബാർഹസ്പത്യ ഋഷിഃ|സരസ്വതീ ദേവതാ|**
**വീരാഡ് ഗായത്രീച്ഛന്ദഃ |പഞ്ചമഃസ്വരഃ ||**

**ത്വം ദേവി സരസ്വത്യവാ വാജേഷു വാജിനി|**
**രദാ പൂഷേവ നഃ സനിം ||**

**(ഋഗ്വേദം 6.61.6)**

**പദാർത്ഥം :** അല്ലയോ (ദേവി) കാമന ചെയ്യുന്നവളും (വാജിനീ) പ്രശസ്ത വിജ്ഞാനയുക്തയും (സരസ്വതീ) വിദുഷിയുമായ സ്ത്രീ (ത്വം) നീ (നഃ) ഞങ്ങളുടെ (സനിം) സത്യാസത്യങ്ങളെ വിഭജിക്കുന്ന ബുദ്ധിയെ (വാജേഷു) ഭൂമിക്കുസമാനം (അവ) പാലിക്കുകയും (രദാ) വിശേഷമായി എഴുതുകയും ചെയ്യൂ.

**ഭാവാർത്ഥം:** അല്ലയോ വരാനനെ = സുന്ദരമുഖമുള്ളവളെ! നീ പൃഥിവിക്ക് സമാനം എല്ലാറ്റിനേയും ധാരണം ചെയ്ത് പ്രജ്ഞയെ നൽകിയാലും

ബാർഹസ്പത്യ ഋഷിഃ|സരസ്വതീ ദേവതാ|
ഗായത്രീ ഛന്ദഃ |ഷഡ്ജ സ്വരഃ ||

**ഉത സ്യാ നഃ സരസ്വതീ ഘോരാ ഹിരണ്യവർത്തനിഃ |**
**വൃത്രഘ്നീ വഷ്ടി സുഷ്ടുതിം ||**

(ഋഗ്വേദം 6.61.7)

**പദാർത്ഥം :** അല്ലയോ മനുഷ്യരെ! എതൊന്നാണോ (ഹിരണ്യവർത്തനിഃ) ഏതൊന്നിലാണോ വിദ്യാവ്യവഹാരങ്ങളുള്ളത് അത് (ഘോരാ) ദുഷ്ടൻമാർക്ക് ദുഃഖത്തെ നൽകുന്ന (വൃത്രഘ്നീ) മേഘത്തെ ഹനനം ചെയ്യുന്ന വൈദ്യുതിക്ക് സമാനം (സരസ്വതീ) വിജ്ഞാനം നിറഞ്ഞ വാണി(നഃ)ഞങ്ങളെ സുഖികളാക്കുന്നു. (സ്യാ) അത് (ഉത) ഞങ്ങൾക്കും (സുഷ്ടുതിമ്) സുന്ദര പ്രശംസകളെ (വഷ്ടി) കാമന ചെയ്യുന്നു.

**ഭാവാർത്ഥം:** വൈദ്യുതിയുടെ മിന്നിത്തിളക്കത്തിന് സമാനം സുന്ദര ശോഭയോടു കൂടിയ വിദൂഷിയായ സ്ത്രി വീട്ടുകാര്യങ്ങളിൽ പ്രകാശം പരത്തുന്നവളും സന്താനങ്ങൾക്ക് വിദ്യയുടെ കാമന ചെയ്യുന്നവളുമാണ്. അവളാണ് സൗഭാഗ്യവതിയാവുന്നത്.

(തുടരും)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**

**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## സത്യാർത്ഥപ്രകാശം പഠിക്കൂ.. വേദങ്ങളിലേക്ക് മടങ്ങൂ....

## എന്തുകൊണ്ട് സത്യാർത്ഥപ്രകാശം?

▶ സിന്ധിലെ (ഇപ്പോൾ പാക്കിസ്ഥാനിൽ) മുസ്ലീംലീഗ് സർക്കാർ സത്യാർത്ഥ പ്രകാശത്തെ നിരോധിച്ചപ്പോൾ അതിനെതിരെ വ്യാപകമായി സത്യാഗ്രഹം ആരംഭിച്ച വേളയിൽ വീർ സവർക്കർ ഇങ്ങനെ പറഞ്ഞു "ഇതൊരു പുസ്തകമല്ല. തണുത്തുറഞ്ഞ ഹിന്ദുവിന്റെ സിരകളിൽ ക്ഷാത്രവീര്യം ഉയർത്താനാകുന്നതാണ് ഇത്" .

▶ അന്ധവിശ്വാസങ്ങൾക്കെതിരായ കനത്ത പ്രഹരമാണ് ഈ പുസ്തകം.

▶ ഒരു കുഞ്ഞിന്റെയും രാഷ്ട്രത്തിന്റെയും വളർച്ചക്ക് വേണ്ടുന്ന സാമഗ്രികൾ എല്ലാം ഈ പുസ്തകത്തിലുണ്ട്.

മഹർഷി ദയാനന്ദസരസ്വതിയുടെ അമരഗ്രന്ഥമായ സത്യാർത്ഥപ്രകാശത്തെ അടിസ്ഥാനമാക്കി അന്താരാഷ്ട്രതലത്തിൽ ഒരു സൗജന്യ ഓൺലൈൻ മത്സരപരീക്ഷ 2020 നവംബർ 29 ന് ഞായറാഴ്ച കാലത്ത് 10 മുതൽ 12 വരെ നടത്തുന്നു. ശ്രീമതി ഗിന്നിദേവി ആര്യരത്ന- പണ്ഡിറ്റ് മതിറാം ശർമ്മ സത്യാർത്ഥപ്രകാശം പ്രതിയോഗിത എന്നാണ് മത്സരത്തിന്റെ പേര്.

മലയാളം, സംസ്കൃതം, തമിഴ്, കന്നഡ, തെലുങ്കു, മറാത്തി, ഗുജറാത്തി, പഞ്ചാബി, ഒറിയ, ബംഗാളി, ആസ്സാമീസ്, നേപ്പാളി, ഹിന്ദി, ഇംഗ്ലീഷ്, ഫ്രഞ്ച് എന്നീ ഭാഷകളിൽ പരീക്ഷ എഴുതാവുന്നതാണ്.

16 വയസ്സിന് താഴെയുള്ളവരും മുകളിലുള്ളവരും എന്നിങ്ങനെ രണ്ട് ശ്രേണിയിലായാണ് പരീക്ഷ നടക്കുക. രണ്ട് ശ്രേണികളിലും 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന വിജയികൾക്ക് യഥാക്രമം 5000, 3000, 2000 രൂപ എന്നിങ്ങനെ സമ്മാനത്തുകയും, പ്രമാണപത്രവും കാറൽമണ്ണ വേദഗുരുകുലത്തിൽ നിന്ന് നൽകുന്നതാണ്. വിദേശ രാജ്യങ്ങളിൽ നിന്നുള്ള (നേപ്പാൾ, ബംഗ്ലാദേശ് ഒഴിച്ചുള്ളവ) 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന വിജയികൾക്ക് യഥാക്രമം അമേരിക്കൻ ഡോളർ 100, 50, 30 എന്നിങ്ങനെ സമ്മാനത്തുക നൽകുന്നതാണ്. ഏറ്റവും ഉന്നതമാർക്ക് നേടുന്ന ആദ്യത്തെ 5പേർക്ക് ഒന്നാം സമ്മാനവും തുടർന്ന് ക്രമത്തിൽ ഉയർന്ന മാർക്ക് ലഭിക്കുന്ന 5 പേർക്ക് രണ്ടാം സമ്മാനവും അതിൽ താഴെക്രമത്തിൽ വരുന്ന ഇരുപത് പേർക്ക് മൂന്നാം സമ്മാനവും നൽകുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയ്യതി 2020 ഒക്ടോബർ 31

കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുടെ വെബ്സൈറ്റ് sathyarthprakash.vedakurukulam.org/registration സന്ദർശിക്കുക

**കെ. എം.രാജൻ, മുഖ്യസംയോജകൻ ഫോൺ : 7907077891**

യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)

രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.

ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/09/2020
RNI NO. KERMAL/2013/53849
REGISTERED NO. OTTAPALAM/5/2020-23

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ (സ്റ്റോക്ക് ഉള്ളത്)

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ -Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദികധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ - Rs. 40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs. 10.00
5. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs. 20.00
6. വേദാന്തിധ്വാന്ത നിവാരണം - Rs. 25.00
   മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ
7. പൂനാ പ്രവചനം (ഉപദേശമഞ്ജരി) - Rs. 200.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
8. ആര്യോദ്ദേശ്യ രത്നമാല - Rs. 25.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
9. സംശയനിവാരിണി -Rs. 200.00
   ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ
10. വേദപ്രകാശം പാഠാവലി - കെ.എം.രാജൻ - Rs. 40.00
11. മഹർഷി ദയാനന്ദസരസ്വതി (ജീവചരിത്രം) - കെ.എം.രാജൻ - Rs. 60.00
12. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs. 35.00
13. ശിവസങ്കല്പം - കെ.എം.രാജൻ - Rs. 30.00
14. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ - Rs. 40.00
15. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs. 35.00
16. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - കെ.എം.രാജൻ - Rs. 60.00
17. 1921 മാപ്പിള ലഹള - ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ - Rs. 250.00

(തപാൽ ചെലവ് പുറമെ)

**അച്ചടിയിലുള്ളവ**

1. 1921: മലബാറും ആര്യസമാജവും - മഹാത്മാ ആനന്ദസ്വാമി, തർജ്ജമ : പി. നാരായണൻ
2. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ
3. യോഗദർശനം
   (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക്, തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ, തർജ്ജമ : കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ; സത്യവും മിഥ്യയും - കെ.എം.രാജൻ

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad-679 504. Printed at Mudra Printers, Cherpulassery. and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan

Email: dayanandasandesam@gmail.com Phone: 7907077891, 9562529095